(ബി) പ്രസ്തുത റോഡുകൾ ടെൻഡർ ചെയ്യാനുള്ള നിർദ്ദേശം നൽകാനുള്ള അധികാരികൾ ആരാണെന്നും നടപടിക്രമങ്ങൾ എന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പ്രകൃതിക്ഷോഭദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ അനുവദിക്കുന്ന പണികളിൽ 5.00 ലക്ഷം രൂപയ്ക്ക് മേൽ ഭരണാനുമതി തുകയ്ക്കുള്ള പണികൾ പൊതുമരാമത്ത് വകുപ്പ് വഴി നടപ്പാക്കുവാനും അഞ്ചുലക്ഷം രൂപ വരെ ഭരണാനുമതി തുകയുള്ള പണികൾ ബന്ധപ്പെട്ട വികസന ബ്ലോക്ക് വഴി ബനിഫിഷ്യറി കമ്മിറ്റി മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുവാനുമാണ് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. മുനിസിപ്പൽ പ്രദേശങ്ങളിൽ അനുവദിക്കപ്പെടുന്ന പണികൾ ഭരണാനുമതി തുക എത്രതന്നെ ആയാലും ജില്ലാ കളക്ടർ മുനിസിപ്പാലിറ്റി മുഖേന ബനിഫിഷ്യറി കമ്മിറ്റി വഴി നടത്തണമെന്ന വ്യവസ്ഥയാണ് നിലവിലുള്ളത്. കോർപ്പറേഷൻ പ്രദേശങ്ങളിൽ വരുന്ന പണികൾ ഭരണാനുമതി തുക എത്രതന്നെ ആയാലും ജില്ലാ കളക്ടർമാർ പൊതുമരാമത്ത് ലോക്കൽ വർക്സ് വകുപ്പുവഴിയാണ് നടപ്പിലാക്കേണ്ടത്. പൊതുമരാമത്ത് വകുപ്പ് അവരുടെ മാനദണ്ഡങ്ങൾ അനുസരിച്ച് ടെണ്ടർ ചെയ്തുമാണ് നടപ്പിലാക്കുന്നത്. എന്നാൽ പൊതുമരാമത്ത് വഴി നടപ്പാക്കുമ്പോൾ ചെലവ് ഭരണാനുമതി തുകയ്ക്കുള്ളിൽ പരിമിതിപ്പെടുത്തണമെന്ന് കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്.

82 (584) കഴിഞ്ഞവർഷം വീടു തകർന്നവർക്കുള്ള ധനസഹായം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം കാലവർഷത്തിൽ വീടുകൾ തകർന്നതുൾപ്പെടെ ദുരിതം സംഭവിച്ചവർക്ക് ഇനിയും ധനസഹായം കൊടുത്തു തീർക്കാത്ത അപേക്ഷകൾ അവശേഷിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്രയും വേഗം അവ തീർപ്പു കൽപ്പിച്ച് ധനസഹായം നൽകുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ അപേക്ഷകൾ ഒന്നും അവശേഷിക്കുന്നില്ല. കൊല്ലം ജില്ലയിൽ പൂർണ്ണമായി വീടു തകർന്ന 517 കേസുകളിൽ ധനസഹായം കൊടുക്കുവാനുണ്ട്. എത്രയും പെട്ടെന്ന് തന്നെ ഈ കേസുകളിൽ ധനസഹായം നൽകാൻ നടപടി സ്വീകരിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ 24 കേസുകളിൽ (ഭാഗികമായി വീടു തകർന്നതിന്) ധനസഹായം കൊടുക്കുവാനുണ്ട്. കൈവശസർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ സമർപ്പിക്കാത്തതിനാലാണ് കാലതാമസം ഉണ്ടായത്. കാസർകോട് ജില്ലയിൽ വീട് പൂർണ്ണമായി തകർന്ന 58 കേസുകളിലും ഭാഗികമായി തകർന്ന 42 കേസുകളിലും ധനസഹായം നൽകുവാനുണ്ട്. ഈ കേസുകളിലും എത്രയും പെട്ടെന്ന് ധനസഹായം കൊടുത്തുതീർക്കുവാൻ നടപടി എടുത്തുവരുന്നു. ബാക്കി ജില്ലകളിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly